## കേരള സർക്കാർ

സംഗ്രഹം

സൈനികക്ഷേമ വകുപ്പ് - രണ്ടാം ലോക മഹായുദ്ധ സേനാനികൾക്ക് നൽകി വരുന്ന പ്രതിമാസ സാമ്പത്തിക സഹായം വർദ്ധിപ്പിച്ചുകൊണ്ടും അവരുടെ വിധവകൾക്ക് പ്രതിമാസ സാമ്പത്തിക സഹായം അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്

സ.ഉ. (എംഎസ്) നമ്പർ :275/2011/പൊ.ഭ.വ   തിരുവനന്തപുരം, തീയതി 07.09.2011

---

പരാമർശം :- (1) 14.07.1997 -ലെ ഗവ. ഉത്തരവ് (അച്ചടിച്ചത്) നമ്പർ 137/97/പൊ.ഭ.വ

(2) 01.04.2008-ലെ സ.ഉ. (അച്ചടിച്ചത്) നമ്പർ 123/08/പൊ.ഭ.വ.

(3) 06.10.2009 - ലെ സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 229/09/പൊ.ഭ.വ.

(4) 21.12.2009 - ലെ കേന്ദ്ര പ്രതിരോധമന്ത്രാലയത്തിൽ നിന്നുള്ള ഡി.ഒ നമ്പർ 8-1/2009/ഡബ്ല്യു.ഡബ്ല്യു-II/II (ഡി (റെസ) നമ്പർ കത്ത്.

(5) സൈനികക്ഷേമ ഡയറക്ടറുടെ 22.02.2010,27.05.2011, 30.05.2011 എന്നീ തീയതികളിലെ 95/SW2/10/DSW നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം രണ്ടാം ലോക മഹായുദ്ധ സേനാനികൾക്ക് പ്രതിമാസ സാമ്പത്തിക സഹായമെന്ന നിലയിൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 200 രൂപ അനുവദിച്ചിരുന്നു. പരാമർശം രണ്ട് പ്രകാരം പ്രസ്തുത തുക 600 രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ ഈ സഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി പരാമർശം മൂന്ന് പ്രകാരം 6000 രൂപയിൽ നിന്നും പതിനായിരം രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

രാജ്യസൈനിക ബോർഡിന്റെ 25.11.2009- ൽ കൂടിയ മീറ്റിംഗിൽ രണ്ടാം ലോക മഹായുദ്ധ സേനാനികളുടെ പ്രതിമാസ സാമ്പത്തിക സഹായം വർദ്ധിപ്പിക്കണമെന്നും അവരുടെ വിധവകൾക്ക് പ്രതിമാസ സാമ്പത്തിക സഹായം അനുവദിക്കണമെന്നും സർക്കാരിനോട് ശുപാർശ ചെയ്തു. പ്രസ്തുത ശുപാർശയുടെയും സൈനിക ക്ഷേമ ഡയറക്ടറുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം ബഹു. മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വിശദമായി പരിശോധിച്ചു. രണ്ടാം ലോക മഹായുദ്ധ സേനാനികൾക്ക് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ സാമ്പത്തിക സഹായം 01.04.2011 മുതൽ 1000 രൂപയായി (ആയിരം രൂപ) വർദ്ധിപ്പിച്ചു കൊണ്ടും അവരുടെ വിധവകൾക്ക് പ്രതിമാസ സാമ്പത്തിക സഹായമായി 500 രൂപ (അഞ്ഞൂറു രൂപ) ഈ ഉത്തരവ് തീയതിക്കു ശേഷം അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. വാർഷിക വരുമാന

10,000 (പതിനായിരം) രൂപ വരെയുള്ള വിധവകൾക്ക് ഈ സാമ്പത്തിക സഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ഈ സാമ്പത്തിക സഹായം നൽകുന്നതിനുള്ള ചിലവ് 2235-60-200-82 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ജെ. ആന്റണി
അഡീഷണൽ സെക്രട്ടറി
പൊതുഭരണ വകുപ്പ്

ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറീസ്, തിരുവനന്തപുരം
സെക്രട്ടറി, എക്സ് സർവ്വീസ് മെൻ വെൽഫയർ ഡിപ്പാർട്ട്മെന്റ്,
കേന്ദ്ര പ്രതിരോധ മന്ത്രാലയം, ന്യൂഡെൽഹി.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക്ക് റിലേഷൻസ് വകുപ്പ്.
എല്ലാ ജില്ലാ സൈനികക്ഷേമ ഓഫീസർമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും
മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പകർപ്പ് : - ധനകാര്യ (ബജറ്റ് വിംഗ്-എച്ച്) വകുപ്പിന് - 15.07.2011- ലെ
52265/ബി.ഡബ്ലിയു-എച്ച്.1/11/ഫിൻ പ്രകാരം
ധനകാര്യ (എക്സ്പെൻഡീച്ചർ - ബി) വകുപ്പിന് 25.08.2011 ലെ
63619/എക്സ്പെൻഡീച്ചർ-ബി.1/11/ഫിൻ, 2/9/11 - ലെ
68706/എക്സ്പെൻഡീച്ചർ - ബി.1/11/ഫിൻ എന്നിവ പ്രകാരം
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ